# 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 970** **14-01-2021 - ൽ മറുപടിയ്ക്ക്**

## മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുറ്റിപ്പുറം ബ്ലോക്കിലെ ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി, വെണ്ടല്ലൂർ, കോട്ടപ്പുറം പുഞ്ചപ്പാടങ്ങളിലെ ജലക്ഷാമം പരിഹരിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | ഇരിമ്പിളിയം പദ്ധതി പുനരുദ്ധാരണത്തിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പ്രസ്തുത പ്രവർത്തി പ്രാവർത്തികമാക്കുന്ന മുറക്ക് മങ്കേരി, വെണ്ടല്ലൂർ, കോട്ടപ്പുറം പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | ഭാരതപ്പുഴയിലെ ഏറ്റവും താഴ്ന്ന പ്രദേശമായ മങ്കേരി പേരശ്ശന്നൂർ ഭാഗത്ത് തടയണ നിർമ്മിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; ഇതിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | സ്ഥലം സന്ദർശിച്ച് പ്രാഥമിക പരിശോധന നടത്തിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വെണ്ടല്ലൂർ പ്രദേശത്തേക്ക് കൂടി ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ വെണ്ടല്ലൂർ പ്രദേശത്തേക്ക് ദീർഘിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ഇരിമ്പിളിയം പഞ്ചായത്ത് അധികൃതർ ലഭ്യമാക്കുന്ന മുറക്ക് ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ